പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 1086

12.06..2014 -ൽ മറുപടിയ്ക്ക്

# ടെക്നിക്കൽ യൂണിവേഴ്സിറ്റി രൂപീകരണം

| *ചോദ്യം* | | *ഉത്തരം* | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി.കെ.അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ടെക്നിക്കൽ യൂണിവേഴ്സിറ്റി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ ആസ്ഥാനവും ഘടനയും വ്യക്തമാക്കാമോ ; | (എ) | ഉണ്ട്. 2014 മേയ് 5 -ലെ 1168-ാം നമ്പർ അസാധാരണ കേരള ഗസറ്റ് വിജ്ഞാപന പ്രകാരം 8558/ലെഗ്.ജി2/2014/നിയമം. നമ്പർ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൽ "കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല" എന്ന പേരിൽ അറിയപ്പെടുന്നതും ബഹുമാനപ്പെട്ട കേരള ഗവർണ്ണർ ചാൻസലറും, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രോ-ചാൻസലറും, ചെയർമാൻ, വൈസ്-ചാൻസലർ, പ്രോ-വൈസ് ചാൻസലർ, ഗവേണിംഗ് ബോഡി, നിർവ്വാഹക സമിതി, അക്കാദമിക സമിതി, ഗവേഷണ കൗൺസിൽ, മറ്റ് അധികാര സ്ഥാനങ്ങളും, ഉദ്യോഗസ്ഥരും ഉൾപ്പെടുന്നതാണ് കേരള ശാസ്ത്ര സാങ്കേതിക സർവ്വകലാശാല. ഇതിന്റെ ആസ്ഥാനം തിരുവനന്തപുരം ആണ്. |
| (ബി) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനെക്കൂടി പ്രസ്തുത യൂണിവേഴ്സിറ്റിയുടെ പരിധിയിൽ കൊണ്ടു വരുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) | ഉദ്ദേശിക്കുന്നില്ല. |

| | | | |
|---|---|---|---|
| (സി) | ടെക്നിക്കൽ യൂണിവേഴ്സിറ്റി രൂപീകരിക്കുന്നതിന് യു.ജി.സി. നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ? | (സി) | ടെക്നിക്കൽ യൂണിവേഴ്സിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച് പ്രത്യേക മാനദണ്ഡങ്ങളൊന്നും യു.ജി.സി. നിഷ്കർഷിച്ചിട്ടില്ല. മറ്റ് യൂണിവേഴ്സിറ്റികൾ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തന്നെയാണ് ടെക്നിക്കൽ യൂണിവേഴ്സിറ്റി രൂപീകരിക്കുന്നതിനും നിഷ്ക്കർഷിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ